**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1234** **30.09.2016 ൽ മറുപടിയ്ക്ക്**

**1CC1 മുതൽ1CC6 വരെയുള്ള രജിസ്റ്റർ നമ്പരുകൾ രേഖപ്പെടുത്തിയ വാഹനങ്ങൾ**

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാനത്ത് നീലനിറത്തിൽ വെള്ള ലിപിയിൽ 1CC1 മുതൽ 1CC6 വരെയുള്ള നമ്പരുകൾ രേഖപ്പെടുത്തിയ വാഹനങ്ങൾ സവാരി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ മോട്ടോർ വാഹനനിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഈ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളത്; പ്രസ്തുത രജിസ്ട്രേഷൻ നൽകിയത് എന്നൊക്കെയാണെന്നും ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ, 1989 ചട്ടം 76(7) പ്രകാരം, ശ്രീലങ്കൻ കോൺസുലേറ്റിന്റെ വാഹനങ്ങൾക്കാണ് 1CC1 മുതൽ1CC6 വരെയുള്ള ഡിപ്ലോമാറ്റിക് നമ്പർ നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത വ്യവസ്ഥ പ്രകാരം മറ്റ് ഏതെല്ലാം ഇനത്തിൽപ്പെടുന്ന വാഹനങ്ങൾക്കും/വ്യക്തികൾക്കും ഇനി മുതൽ ഇത്തരം രജിസ്ട്രേഷൻ നമ്പർ നൽകാനാകുമെന്ന് അറിയിക്കുമോ? | (സി) | വിദേശരാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധിമാർക്ക് ഡിപ്ലോമാറ്റിക് നമ്പർ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ